**പതിനാലാം കേരള നിയമസഭ**
**ഇരുപത്തിരണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: *79 — 14.01.2021-ൽ മറുപടിക്ക്

## പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിലെ കോവിഡ് വ്യാപനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ . എൽദോസ് പി. കുന്നപ്പിള്ളിൽ<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ<br>ശ്രീ . കെ. സി . ജോസഫ്<br>ശ്രീ . ഷാഫി പറമ്പിൽ : | | എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിൽ കോവിഡ് വ്യാപനം രൂക്ഷമാകുന്നത് തടയുന്നതിന് ആരോഗ്യവകുപ്പിന്റെ സഹകരണത്തോടെ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണ്; | എ) | പട്ടികവർഗ്ഗ വികസന വകുപ്പ് ആരോഗ്യ വകുപ്പുമായി ചേർന്ന് സംസ്ഥാനത്തെ പട്ടികവർഗ്ഗ കോളനികളിൽ കോവിഡ്-19 രോഗപ്രതിരോധ ബോധവത്ക്കരണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തിവരുന്നു. ഇതിന്റെ ഭാഗമായി ഹാൻഡ് വാഷ്, വ്യക്തിശുചിത്വം, മാസ്കിന്റെ ഉപയോഗം, പൊതു ഇടങ്ങളിൽ ശാരീരിക അകലം പാലിക്കേണ്ടതിന്റെ ആവശ്യകത എന്നിവയെപ്പറ്റി വിപുലമായ രീതിയിൽ ബോധവത്ക്കരണം നൽകുന്നു. പട്ടികവർഗ്ഗ വിഭാഗങ്ങളുടെ തനതു ഭാഷയിൽ കോവിഡ്-19 പ്രതിരോധ ബോധവത്കരണ വീഡിയോകൾ തയ്യാറാക്കി പട്ടികവർഗ പ്രൊമോട്ടർമാർ മുഖേന വ്യാപകമായി പ്രചരിപ്പിക്കുകയും ചെയ്തിട്ടുണ്ട്.<br><br>കോവിഡ് പ്രതിരോധത്തിന്റെ ഭാഗമായി വകുപ്പിന്റെ നേതൃത്വത്തിൽ എല്ലാ പട്ടികവർഗ്ഗക്കാർക്കും പുനരുപയോഗിക്കാവുന്ന മാസ്കുകൾ വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>കൂടാതെ പട്ടികവർഗ വികസന വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന 16 ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ വഴിയും രോഗപ്രതിരോധ ബോധവത്കരണവും പതിവ് ആരോഗ്യ പരിശോധനയും മരുന്നു വിതരണവും നടത്തിവരുന്നു. രോഗ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി വകുപ്പിന്റെ ഭക്ഷ്യ സഹായ പദ്ധതി പ്രകാരമുള്ള ഭക്ഷ്യധാന്യ കിറ്റുകളുടെ വിതരണവും നടത്തിവരുന്നു. |
| ബി) | എത്ര ആദിവാസികൾക്ക് ഇതിനകം കോവിഡ് ബാധയുണ്ടായിയെന്നും അതിൽ എത്ര പേർ മരണപ്പെട്ടുവെന്നും | ബി) | സംസ്ഥാനത്ത് നാളിതുവരെ ആകെ 2836 പട്ടികവർഗ്ഗക്കാർക്ക് രോഗബാധ ഉണ്ടാകുകയും 2439 പേർ രോഗമുക്തി നേടുകയും 35 പേർ മരണപ്പെടുകയും |

| | | | |
|---|---|---|---|
| | ഉള്ള കണക്ക് ലഭ്യമാണോ; എങ്കിൽ വ്യക്തമാക്കുമോ; | | ചെയ്തിട്ടുണ്ട്. 362 പേർ നിലവിൽ ചികിത്സയിലും 973 പേർ നിരീക്ഷണത്തിലും കഴിയുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| സി) | ആദിവാസി ഊരുകൾ കേന്ദ്രീകരിച്ച് പ്രത്യേക പരിശോധന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; | സി) | പട്ടികവർഗ വികസന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള നെടുമങ്ങാട്, ഇടുക്കി മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ, HLL, KMSCL എന്നിവ മുഖേന 12 ജില്ലകളിൽ പ്രവർത്തിക്കുന്ന മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ എന്നിവയുടെ നേതൃത്വത്തിൽ പട്ടികവർഗ്ഗ ഊരുകളും സങ്കേതങ്ങളും കേന്ദ്രീകരിച്ച് പരിശോധനയും രോഗ നിർണ്ണയവും നടത്തുന്നതിനായി മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചുവരുന്നു. |
| ഡി) | ഊരുകളിലെ പട്ടിണിയും ദാരിദ്ര്യവും നിർമ്മാർജ്ജനം ചെയ്യുന്നതിന് എന്തൊക്കെ പ്രത്യേക ഇടപെടലുകളാണ് കോവിഡ് കാലത്ത് നടത്തിയത്; വിശദമാക്കാമോ? | ഡി) | കോവിഡ്-19 പ്രതിരോധവുമായി ബന്ധപ്പെട്ട് 60 വയസ്സിനു മുകളിൽ പ്രായമുള്ള പട്ടികവർഗ്ഗക്കാർക്ക് പോഷകാഹാരം വിതരണം നടത്തിയിട്ടുണ്ട്. കാലവർഷക്കെടുതി മൂലവും, കോവിഡ് ബാധമൂലവും ബുദ്ധിമുട്ട് അനുഭവിക്കുന്ന അർഹരായ പട്ടികവർഗ കുടുംബങ്ങൾക്ക് ഭക്ഷ്യസഹായ പദ്ധതി നടപ്പിലാക്കി. ഈ പദ്ധതികൾക്കായി 24,87,91,653/- രൂപ ചെലവഴിച്ചിട്ടുണ്ട്.<br><br>ശുദ്ധജല ലഭ്യത ഉറപ്പ വരുത്തുന്നതിനായി ഗ്രാമ പഞ്ചായത്തുകൾ, KWA, കേരള ഫയർ & റെസ്ക്യൂ സർവ്വീസ് എന്നീ വകുപ്പുകളുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്.<br><br>എം.ജി.എൻ.ആർ.ഇ.ജി.എസ് പദ്ധതി പ്രകാരം ഉറപ്പ് വരുത്തിയിട്ടുള്ള 100 ദിവസം കൂടാതെ കേരളത്തിലെ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും അധികമായി 100 തൊഴിൽ ദിനങ്ങൾ കൂടി ലഭ്യമാക്കുന്ന 'കേരള ട്രൈബൽ പ്ലസ്' എന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## B. പട്ടികവർഗ്ഗക്കാർക്കിടയിലെ കോവിഡ് ബാധിതരുടെ വിവരങ്ങൾ

| ജില്ല | കോവിഡ് ബാധിച്ചവരുടെ ആകെ എണ്ണം | രോഗമുക്തി നേടിയവരുടെ എണ്ണം | മരണം സംഭവിച്ചവരുടെ എണ്ണം | നിലവിൽ ചികിത്സയിലുള്ളവരുടെ എണ്ണം | നിലവിൽ നിരീക്ഷണത്തിലുള്ളവരുടെ എണ്ണം |
|---|---|---|---|---|---|
| തിരുവനന്തപുരം | 131 | 119 | 1 | 11 | 35 |
| കൊല്ലം | 63 | 62 | 1 | 0 | 0 |
| പത്തനംതിട്ട | 57 | 45 | 0 | 12 | 70 |
| ആലപ്പുഴ | 103 | 98 | 2 | 3 | 15 |
| കോട്ടയം | 105 | 100 | 1 | 4 | 23 |
| ഇടുക്കി | 121 | 101 | 2 | 18 | 8 |
| എറണാകുളം | 149 | 123 | 2 | 24 | 48 |
| തൃശ്ശൂർ | 101 | 30 | 0 | 71 | 361 |
| പാലക്കാട് | 82 | 69 | 0 | 13 | 15 |
| മലപ്പുറം | 43 | 37 | 1 | 5 | 20 |
| കോഴിക്കോട് | 41 | 32 | 1 | 8 | 50 |
| വയനാട് | 853 | 745 | 10 | 98 | 140 |
| കണ്ണൂർ | 302 | 229 | 8 | 65 | 4 |
| കാസർഗോഡ് | 685 | 649 | 6 | 30 | 184 |
| TOTAL | 2836 | 2439 | 35 | 362 | 973 |

സെക്ഷൻ ഓഫീസർ